# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഏലംകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.11/2142/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 16/03/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഏലംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.11/2142/2021 തീയ്യതി: 16/03/2022

## മലപ്പുറം ജില്ലയിലെ ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-02-2020 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 08-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 25-11-2021 | 08-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-11-2021 | 08-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രസാദ് പി., ഓഡിറ്റ് ഓഫീസർ

ശ്രീ. അബ്ദുൽ ഗഫൂർ സി ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ഷാജഹാൻ ഖുറൈശി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. യൂസഫ് പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. ഷീബ പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ആയിഷ കെ. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സുനിൽകുമാർ ടി. പി. | സെക്രട്ടറി ഇൻ ചാർജ്ജ് | 01-04-2019 | 23-04-2019 |
| | | 19-05-2019 | 06-08-2019 |
| | | 10-10-2019 | 01-12-2019 |
| ശ്രീമതി. ജെസ്സി പി. വി. | സെക്രട്ടറി | 24-04-2019 | 18-05-2019 |
| ശ്രീമതി. റീന ടി.ജെ. | സെക്രട്ടറി | 07-08-2019 | 09-10-2019 |
| ശ്രീമതി. സബീന എൻ. | സെക്രട്ടറി | 02-12-2019 | 31-03-2020 |
| ശ്രീ. സുനിൽകുമാർ ടി. പി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി. ജംസീറ സി. പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ. ബൈജു പി. സി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 27-04-2019 |
| | | 24-12-2019 | 31-03-2020 |
| ശ്രീ. ജിതിൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 28-04-2019 | 11-06-2019 |
| ശ്രീമതി. ജിഷ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 12-06-2019 | 28-11-2019 |
| ശ്രീ. രാജ്കുമാർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 29-11-2019 | 23-12-2019 |
| ശ്രീ. പങ്കജാക്ഷൻ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി. രജനി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ. നിസാർ കെ. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. സയ്യിദ് അബൂബക്കർ സിദ്ദീഖ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. ഫുഹദ് കോയിസ്സൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2019 | 10-04-2019 |
| ഡോ. ഫൗസിയ മുസ്തഫ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 11-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Prasad (Audit Officer, On 04-12-2021)<br>Last Updated By: Unni.P (Deputy Director, On 28-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-12-2021)<br>Last Updated By: SHEEBA P (Auditor, On 14-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം(ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ)<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-12-2021)<br>Last Updated By: Unni.P (Deputy Director, On 28-01-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-12-2021)<br>Last Updated By: SHEEBA P (Auditor, On 14-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-12-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 10-12-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shajahan Khuraisi (Asst. Audit Officer, On 04-12-2021)<br>Last Updated By: SHEEBA P (Auditor, On 14-12-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-12-2021)<br>Last Updated By: SHEEBA P (Auditor, On 14-12-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: SHEEBA P (Auditor, On 07-12-2021)<br>Last Updated By: SHEEBA P (Auditor, On 07-12-2021) | 1-8 |
| 9 | അഭ്യന്തര നിയന്ത്രണം<br>Written By: Prasad (Audit Officer, On 04-12-2021)<br>Last Updated By: Unni.P (Deputy Director, On 28-01-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shajahan Khuraisi (Asst. Audit Officer, On 10-12-2021)<br>Last Updated By: SHEEBA P (Auditor, On 13-12-2021) | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 11-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-03-2022) | 1-11 |
| 12 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -മൂല്യനിർണ്ണയത്തിലും അധികം തുക നൽകി<br>Written By: Abdul.Gafoor.C (Asst. Audit Officer, On 10-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-03-2022) | 1-12 |
| 13 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അപാകതൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 12-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-03-2022) | 1-13 |
| 14 | തൊഴിൽ നികുതി അപാകതകൾ<br>Written By: SHEEBA P (Auditor, On 13-12-2021)<br>Last Updated By: Unni.P (Deputy Director, On 28-01-2022) | 1-14 |
| 15 | പരിരക്ഷാ ആബുലൻസിന് വാടക നൽകൽ<br>Written By: Prasad (Audit Officer, On 04-12-2021)<br>Last Updated By: Unni.P (Deputy Director, On 28-01-2022) | 1-15 |
| 16 | റോഡ് റെസ്റ്റോറേഷൻ ചാർജ് ഈടാക്കിയതിലെ അപാകത- പഞ്ചായത്ത് ഫണ്ടിന് 12,955/-രൂപയുടെ നഷ്ടം.<br>Written By: SHEEBA P (Auditor, On 07-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-03-2022) | 1-16 |

| | | |
|---|---|---|
| 17 | അനധികൃത നിർമാണം-അപേക്ഷാ ഫീസ് ഈടാക്കിയതിൽ അപാകത<br>Written By: SHEEBA P (Auditor, On 08-12-2021)<br>Last Updated By: Unni.P (Deputy Director, On 28-01-2022) | 1-17 |
| 18 | മലബാർ ട്രേഡേഴ്സ് കമ്പനി-കെട്ടിട നമ്പർ അനുവദിച്ചതിൽ അപാകത<br>Written By: SHEEBA P (Auditor, On 08-12-2021)<br>Last Updated By: SHEEBA P (Auditor, On 13-12-2021) | 1-18 |
| 19 | ജി.എസ്.ടി ബാധകമായ ഇനങ്ങൾക്ക് നികുതിയില്ലാത്ത ബില്ലുകൾ മുഖേന ഭക്ഷ്യവസ്തുക്കൾ വാങ്ങി<br>Written By: Yousuf.P (Asst. Audit Officer, On 13-12-2021)<br>Last Updated By: Unni.P (Deputy Director, On 28-01-2022) | 1-19 |
| 20 | ചെലവുകളുടെ രേഖകൾ ഹാജരാക്കുന്നത് വരെ 1,78,667 രൂപ തടസ്സം ചെയ്യുന്നു<br>Written By: Shajahan Khuraisi (Asst. Audit Officer, On 11-12-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 16-12-2021) | 1-20 |
| 21 | ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകിയ തുക- രശീതി, സ്റ്റോക്കിലെടുത്തതിന്റെ വിവരം ഹാജരാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 16-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-03-2022) | 1-20-1 |
| 22 | KREWS,തിരുവനന്തപുരത്തിന് വാർഷിക വരിസംഖ്യ നൽകിയത്-രശീതി ഹാജരാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 16-12-2021)<br>Last Updated By: Unni.P (Deputy Director, On 28-01-2022) | 1-20-2 |
| 23 | ലൈഫ് മിഷൻ കുടുംബസംഗമം - രശീതി ഹാജരാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 16-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-03-2022) | 1-20-3 |
| 24 | രശീതി ഹാജരാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 16-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-03-2022) | 1-20-4 |
| 25 | രശീതി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 16-12-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 16-12-2021) | 1-20-5 |
| 26 | KSEB ഇലക്ട്രിക്കൽ സെക്ഷൻ പുലാമന്തോളിൽ നിന്ന് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 16-12-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 16-12-2021) | 1-20-6 |
| 27 | ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കൽ- രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 11-12-2021)<br>Last Updated By: Unni.P (Deputy Director, On 28-01-2022) | 1-21 |
| 28 | എസ്.എസ്.എ. വിഹിതം അടവാക്കൽ -വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 11-12-2021)<br>Last Updated By: Unni.P (Deputy Director, On 28-01-2022) | 1-22 |
| 29 | മരുന്നുകൾ ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 16-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-03-2022) | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-1 |

| | | |
|---|---|---|
| | -മൂല്യനിർണ്ണയത്തിലും അധികം തുക നൽകി<br>Written By: Abdul.Gafoor.C (Asst. Audit Officer, On 20-01-2022)<br>Last Updated By: Simon K (Senior Deputy Director, On 16-03-2022) | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: SHEEBA P (Auditor, On 06-12-2021)<br>Last Updated By: SHEEBA P (Auditor, On 06-12-2021) | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: SHEEBA P (Auditor, On 06-12-2021)<br>Last Updated By: Unni.P (Deputy Director, On 28-01-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: SHEEBA P (Auditor, On 06-12-2021)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 16-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: SHEEBA P (Auditor, On 06-12-2021)<br>Last Updated By: SHEEBA P (Auditor, On 06-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: SHEEBA P (Auditor, On 06-12-2021)<br>Last Updated By: Unni.P (Deputy Director, On 28-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: SHEEBA P (Auditor, On 06-12-2021)<br>Last Updated By: SHEEBA P (Auditor, On 06-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: SHEEBA P (Auditor, On 06-12-2021)<br>Last Updated By: SHEEBA P (Auditor, On 06-12-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം<br>Written By: SHEEBA P (Auditor, On 06-12-2021)<br>Last Updated By: Unni.P (Deputy Director, On 28-01-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: SHEEBA P (Auditor, On 07-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: SHEEBA P (Auditor, On 06-12-2021)<br>Last Updated By: Simon K (Senior Deputy Director, On 16-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: SHEEBA P (Auditor, On 06-12-2021)<br>Last Updated By: Unni.P (Deputy Director, On 28-01-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2019-20ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| തീരുമാന നം 1(1) തിയ്യതി 02-02-2019 | ഇല്ല |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തിയ്യതി |
|---|---|---|---|
| 31.07.2020 | 26.5.2020 | -- | -- |

### 1-3 സാമ്പത്തിക വിശകലനം(ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ)

| ഇനം | വർഷം (2019-20) |
|---|---|
| മുന്നിരിപ്പ് | 23290805 |
| വരവ് | 51728312 |
| ആകെ | 75019117 |
| ചെലവ് | 54794099 |
| നീക്കിയിരിപ്പ് | 20225018 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 00 | 10520247 | 10520247 | 6742159 | 3778088 |
| വികസന ഫണ്ട് (എസ്.സി.പി) | 00 | 8749235 | 8749235 | 7021039 | 1728196 |
| വികസന ഫണ്ട് (ടി.എസ്.പി) | 00 | 00 | 00 | 00 | 00 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 00 | 6312000 | 6312000 | 6164481 | 147519 |
| സംരക്ഷണ ഗ്രാന്റ്(നോൺറോഡ്) | 00 | 3453000 | 3453000 | 1749772 | 1703228 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 00 | 8959209 | 8959209 | 4564390 | 4394819 |
| ബി-ഫണ്ട് | 00 | 20276400 | 20276400 | 20276400 | 00 |

### 1-5 പദ്ധതി അവലോകനം.

. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നപ്പാക്കിയത് (എണ്ണം) | നടപ്പാത്തിവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 184 | 63848006 | 141 | 41476615 | -- | 43 | 64.96 |

. പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ

ഇല്ല

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 25,578 | 6,11,294 | 6,36,872 | 3,08,943 | 3,27,929 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,20,73,494 | 1,20,73,494 | 1,20,73,494 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 00 | 00 |
| കർഷകതൊഴിലാളി പെൻഷൻ | 2343000 | 450 |
| വിധവാ പെൻഷൻ | 6654000 | 1216 |
| വാർദ്ധക്യകാല പെൻഷൻ | 8286300 | 155 |
| വികലാഗ പെൻഷൻ | 2038500 | 1676 |
| വിവാഹ ധനസഹായം | 60000 | 114 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 645600 | 7 |

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.12.2021 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 15847/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 അഭ്യന്തര നിയന്ത്രണം

1. ആസ്തികളുടെയും സ്റ്റോക്കിന്റെയും ഭൗതികപരിശോധന നടത്തിയിട്ടില്ല.
2. വിവിധ ക്ഷേമ പദ്ധതികളുടെ രജിസ്റ്ററുകൾ കാലികമാക്കുന്നില്ല.
3.ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഇൻക്യുബൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. വായ്പ/വായ്പ തിരിച്ചടവ് രജിസ്റ്റർ കാലികമാക്കുന്നില്ല.
5. വെറ്ററിനറി സർജൻ പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
6. ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
7. കർമ്മസമിതികളുടെ മിനിറ്റ്സ് കാലികമല്ല.

ഉദാ: ആരോഗ്യ കർമ്മസമിതി 2019 കലണ്ടർ വർഷത്തിൽ യോഗം ചേർന്നതായി മിനിറ്റ്സിൽ കാണുന്നില്ല.ദാരിദ്ര്യ ലഘൂകരണം(പാർപ്പിടം ഉൾപ്പെടെ) 08.02.19, 07.01.20 എന്നീ തിയ്യതികളിൽ ചേർന്നതിനു ശേഷം പിന്നീട് യോഗം ചേർന്നതായി കാണുന്നില്ല. യോഗം ചേർന്ന തിയ്യതികൾക്കിടയിൽ പല പേജുകളും ശൂന്യമായാണ് മിനിറ്റ്സിൽ കാണുന്നത്.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.11.2021 | 01.08.2021-31.10.2021 | 12.11.2021 |
| എ.ജി. ഓഡിറ്റ് | 17.12.2013-02.01.2014 | 2008-09 മുതൽ 2012-13 വരെ | 18.02.2014 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷികക്കണക്കിന്റെ പരിശോധനയിൽ കണ്ട അപാകതകൾക്ക് താഴെ ചേർക്കുന്നു -

1. ബാലൻസ് ഷീറ്റ് B-18ഷെഡ്യൂൾ പ്രകാരമുള്ള വിവരങ്ങൾ അഡ്വാൻസ് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2. SBT PD അക്കൗണ്ട് 7418 ന്റെ നീക്കിയിരിപ്പ് വാർഷികക്കണക്ക് പ്രകാരം 3493 രൂപയും, ബാങ്ക് സ്റ്റേറ്റ്മെൻറ് പ്രകാരം

3880 രൂപയുമാണ്.

3. ഡെപ്പോസിറ്റ് രജിസ്റ്റർ സംഗ്രഹം എഴുതി തയ്യാറാക്കിയിട്ടില്ല. ആയതിനാൽ, ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ട കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ സംബന്ധിച്ച വിവരം ലഭ്യമല്ല.

4. ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിൽ സംയുക്ത പദ്ധതിക്കായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ 5,63,979/- രൂപയും, ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ 39910/- രൂപയും നീക്കിയിരിപ്പുണ്ട്. ആയത് ഏതൊക്കെ പദ്ധതികൾ പ്രകാരമുള്ള നീക്കിയിരിപ്പാണ് എന്നത് വിശദീകരിക്കേണ്ടതാണ്.

5. ബാലൻസ് ഷീറ്റ് (B-9) പ്രകാരം 1,24,605രൂപ Stale Cheque ബാധ്യത നില നിൽക്കുന്നു. പ്രസ്തുത ചെക്കുകൾ റീ വാലിഡേറ്റ് ചെയ്ത് തുക പിൻ വലിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

6. B-4 Schedule ൽ ഉൾപ്പെട്ടിട്ടുള്ള NREGS, TSC, SSAഎന്നീ ഇനങ്ങൾ ഒഴികെയുള്ള സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി എ.സി.ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

7. ലോൺ രജിസ്റ്ററിൽ സംഗ്രഹം എഴുതിയിട്ടില്ലാത്തതിനാൽ B-5, RP- 32 എന്നിവ പ്രകാരമുള്ള തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

8. ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

9. മുൻ വാർഷികക്കണക്കിലെ അപാകതകൾ പരിഹരിച്ച് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

## 1-12 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -മൂല്യനിർണ്ണയത്തിലും അധികം തുക നൽകി

19-20ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ എം ബുക്കിൽ രേഖപ്പെടുത്തിയ മൂല്യനിർണ്ണയ തുകയിലും അധികമായി Material ഇനത്തിൽ വിവിധ പ്രവൃത്തികളിൽ വിതരണക്കാരന്/ഗുണഭോക്താവിന് തുക നൽകിയതായി Expenditure Statement , എം ബുക്ക് ,Fund Transfer Order (FTO) എന്നിവ പരിശോധിച്ചതിൽ കാണുന്നു. ഉപയോഗിച്ച മെറ്റീരിയലിന്റെ തുക എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും Material List ഫയലിൽ ചേർത്ത് വച്ചിട്ടില്ല.ഓരോ പ്രവൃത്തിക്കും നൽകിയ FTO യും ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. എംബുക്കിലും, മൂല്യനിർണ്ണയ സ്റ്റേറ്റ്മെൻറിലും രേഖപ്പെടുത്തിയ മെറ്റീരിയലിന്റെ വിലയും യഥാർത്ഥത്തിൽ നൽകിയ തുകയും തമ്മിലുള്ള വ്യത്യാസത്തിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി / Work Code | ആകെ മൂല്യ നിർണ്ണയം | മെറ്റീരിയൽ വില മൂല്യ നിർണ്ണയ സാക്ഷ്യ പത്രം/ M.book പ്രകാരം | നൽകിയ തുക | അധികം | | | | FTONo./Dt. | വിതരണ ക്കാരൻ/ ഗുണഭോ ക്താവ് |
|---|---|---|---|---|---|---|---|---|---|---|
| | | | | | | Bill.No/Dt (Asper Expendiure Stt.) | Payment Date (As Per Expendiure Stt.) | Amount | | |
| 1 | ആട്ടിൻകൂട് നിർമ്മാണം (റസിയ പാലടത്ത്) 411864 ടി.എസ് തുക 47000 ടി.എസ് നം. 168311/ 31.10.19 | 32898 | 24207 | 30938 | 6731 | 156/24.12.19 | 1.1.20 | 30938 | 461347/ 2.1.20 | ഇബ്രാഹിം |
| 2 | ചളങ്കോൾക്കുഴി റോഡ് കോൺക്രീറ്റ് 291282 ടി.എസ് തുക 493000 | 337151 | 245538 | 392380 | 146842 | 121/15.11.19 | 26.5.20 | 204903 | 461352/ 27.5.20 | മുഹമ്മദ് മുസ്തഫ |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | ടി.എസ് നം.220246/ 3.10.19 | | | | | 122/15.11.19 | 27.7.20 | 130704 | 463985/ 27.7.20 | |
| | | | | | | 124/15.11.19 | 25.11.20 | 21802 | 463987/ 25.11.20 | |
| | | | | | | 125/15.11.19 | 25.11.20 | 15207 | 463987/ 25.11.20 | |
| | | | | | | 126/15.11.19 | 25.11.20 | 19764 | 463987/ 25.11.20 | |
| 3 | ആട്ടിൻകൂട് നിർമ്മാണം (മൊയ്തു ചേർക്കുത്ത്) 418359 ടി.എസ് തുക 47000 ടി.എസ് നം.172802/ 30.10.19 | 33006 | 24207 | 30938 | 6731 | 137/28.12.19 | 27.7.20 | 30938 | 571281/ 27.7.20 | ഇബ്രാഹിം |
| 4 | ആട്ടിൻകൂട് നിർമ്മാണം (പാത്തുമ്മ ചിറത്തൊടി) 417361 ടി.എസ് തുക 47000 ടി.എസ് നം.16249/ 30.10.19 | 33006 | 24207 | 30938 | 6731 | 134/25.12.19 | 26.5.20 | 30938 | 571270/ 27.5.20 | ഇബ്രാഹിം |
| 5 | ആട്ടിൻകൂട് നിർമ്മാണം (മൊയ്തീൻപല്ലിക്കത്ത്) 424957 ടി.എസ് തുക 47000 ടി.എസ് നം.1731273/ 31.10.19 | 33006 | 24207 | 30938 | 6731 | 149/28.12.19 | 27.7.20 | 30938 | 571277/ 27.7.20 | ഇബ്രാഹിം |
| | ആകെ | | | | 173766 | | | | | |

തുക അധികം നൽകിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 11(7.12.2021)/20-21 നല്കിയെങ്കിലും മറുപടി ലഭ്യമായില്ല.തുക ഉത്തരവാദിയായ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അപാകതൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിൽ ഉറപ്പ് പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ പൊതു അപാകതൾ ചുവടെ ചേർക്കുന്നു.

1.മിക്ക പ്രവൃത്തികളും ചെക്ക് മെഷർ ചെയ്യുന്നതിന് മുമ്പ് തന്നെ ബിൽ തയ്യാറാക്കി FTO ക്കായി സമർപ്പിക്കുന്നുണ്ട്.

2.Muster Roll കൾ മുഴുവനായി പൂരിപ്പിക്കുന്നില്ല.ചില പ്രവൃത്തികളിൽ Skilled Labour Muster Roll-ൽ തുക രേഖപ്പെടുത്തുകയൊ തൊഴിലാളികൾ ഒപ്പ് വെക്കുകയോ ചെയ്തിട്ടില്ല.

3.Material Work കളിൽ പ്രവത്തിക്ക് ഉപയോഗിച്ച മെറ്റീരിയൽ ,തുക എന്നിവ കാണിക്കുന്ന മെറ്റീരിയൽ ലിസ്റ്റ് വെച്ചിട്ടില്ല.

4.മെറ്റീരിയൽ Work ന് വിതരണക്കാരൻ GST ബില്ലുകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും ബില്ലിൽ GST എത്ര ശതമാനമാണെന്ന് വേർ തിരിച്ച് രേഖപ്പെടുത്തുന്നില്ല.ചില പ്രവൃത്തികളിൽ ഒന്നും രേഖപ്പെടുത്താത്ത ബില്ലുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്.

5. FTO കോപ്പി ഫയലിൽ ഉള്ളടക്കം ചെയ്യുന്നില്ല.

6.തൊഴിൽ സ്ഥലത്തെ ഫോട്ടോകൾ ചില ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

7.തൊഴിൽ സ്ഥലത്ത് വെക്കേണ്ട പ്രദർശന ബോർഡിന്റെ വില എം ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി അപാകതകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരവും, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരവും പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

എ).സ്ഥാപന നികുതി ഒടുക്കാത്തത്.

| ക്രമ.നം. | പേര് | അർദ്ധ വർഷം |
|---|---|---|
| 1 | MICഇംഗ്ലീഷ് മീഡിയം സ്കൂൾ,ചെറുകര | 1st &2nd |
| 2 | ഹിൽടോപ്പ് പബ്ലിക് സ്കൂൾ | 1st &2nd |

ബി)വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളി/ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല

ഡി.ആന്റ് ഒ.രജിസ്റ്റർ പ്രകാരം 245 ട്രേഡേഴ്സ് സ്ഥാപനങ്ങളുണ്ട്. അവയിൽ നിന്നും അർദ്ധ വാർഷിക വരുമാന പത്രിക അടിസ്ഥാനമാക്കാതെ , ലഭിക്കുന്ന സ്ഥാപന തൊഴിൽ നികുതി വരവിലെടുത്തിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്ന് തൊഴിലാളികളുടെ/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല.

കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച (സ.ഉ.(അച്ചടി)നം.196/2016/തൊഴിൽ തി.21.12.2016) മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലെയും ഷോപ്പുകളിലേയും ഏറ്റവും താഴെയുള്ള ഗ്രേഡ് -ഇ. ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280രൂപയായിരുന്നു. (2021സെപ്തംബർ 01മുതൽ പുതിയ വിജ്ഞാപനം കാണുക).ആയത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6മാസം) (മറ്റ് നിയമാനുസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680 രൂപയാണ്. ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി 450 രൂപ. ഒരു സ്ഥാപനത്തിൽ ഏറ്റവും ചുരുങ്ങിയത് ശരാശരി 2 ജീവനക്കാരെങ്കിലും തൊഴിലെടുക്കുന്നുവെന്ന് കരുതാവുന്നതാണ്. 245 സ്ഥാപനങ്ങളിലായി 490 തൊഴിലാളികളിൽ നിന്ന് രണ്ട് അർദ്ധ വർഷങ്ങളിലായി (490x450x2) 4,41,000/-രൂപ തൊഴിൽ നികുതി ഈടാക്കാൻ സാധിക്കുമെങ്കിലും ഇപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചു കാണുന്നില്ല. തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന ഈ സാധ്യത ഉപയോഗപ്പെടുത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും നടപടികളുണ്ടായതായി കാണുന്നില്ല.

പ്രമുഖ വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളി/ജീവനക്കാരിൽ നിന്ന് പോലും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിനും അൺഎയ്ഡഡ് സ്കൂളുകൾ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതിനും ഓഡിറ്റ് അന്വേഷണം (നം.11/07.12.21) നൽകി. മറുപടി ലഭ്യമാക്കിയിട്ടില്ല. നടപടി സ്വീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 പരിരക്ഷാ ആമ്പുലൻസിന് വാടക നൽകൽ

ഏലംകുളം ഗ്രാമ പഞ്ചായത്തിന്റെ പരിരക്ഷാ ഹോം കെയറിന്, സ്വകാര്യ വ്യക്തിയിൽ നിന്ന് സംഭാവനയായി ലഭിച്ച KL53G 5193 നമ്പറുള്ള ഒമ്നി ആംബുലൻസ് വാഹനം നാളിതു വരെ ഗ്രാമ പഞ്ചായത്തിന്റെ സ്റ്റോക്കിൽ ഉൾപ്പെടുത്തി HMC ക്ക് കൈമാറിയിട്ടില്ല. നിലവിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ പേരിലുള്ള ഈ വാഹനം പാലിയേറ്റീവ് കെയർ ആവശ്യത്തിന് ഉപയോഗിക്കുന്നുണ്ടെങ്കിലും, വാഹനം വാടകക്ക് ഉപയോഗിക്കുന്ന രീതിയിലാണ് വൗച്ചറുകൾ തയ്യാറാക്കുന്നത്.

ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (Audit Enquiry No3.-2020-21 Dated 03.12.2021) മറുപടിയായി (തിയ്യതി 04.12.2021) ശ്രീ.യൂസഫ്, മലബാർ ട്രേഡിംഗ് കമ്പനി, ഏലംകുളം സൗജന്യമായി നല്കിയതാണെന്നും പ്രസ്തുത വാഹനം പ്രസിഡന്റ് ഏലംകുളം ഗ്രാമ പഞ്ചായത്ത് ആന്റ് ചെയർമാൻ പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റിയുടെ പേരിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തുവെന്ന് അറിയിച്ചിട്ടുണ്ട്. ഗൃഹ സന്ദർശനത്തിനായി വാഹനം ഉപയോഗിക്കുന്ന ദിവസം ഇന്ധന ചെലവ് ഡ്രൈവറുടെ വേതനം തുടങ്ങിയ ചെലവിനങ്ങളിലായി 1000/-രൂപ എന്ന നിരക്കിലാണ് നല്കുന്നതെന്ന് അറിയിച്ചു. പാലിയേറ്റീവ് വാഹനം പഞ്ചായത്തിന്റെ ആസ്തിയാക്കുകയും ദൈനംദിന ചെലവുകൾ പഞ്ചായത്ത് വഹിക്കേണ്ടതുമാണ്. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഇക്കാര്യം പരാമർശിച്ചിരുന്നുവെങ്കിലും നടപടി സ്വീകരിച്ചിട്ടില്ല.

## 1-16 റോഡ് റെസ്റ്റൊറേഷൻ ചാർജ് ഈടാക്കിയതിലെ അപാകത- പഞ്ചായത്ത് ഫണ്ടിന്

12,955/-രൂപയുടെ നഷ്ടം.

2019-2020 സാമ്പത്തികവർഷത്തിൽ ഭാരതി എയർടെൽ ലിമിറ്റഡ്, കടവന്ത്ര എന്നവർ ഏലംകുളം ഗ്രാമപഞ്ചായത്തിലെ ചെറുകര റോഡിൽ 500m ദൂരത്തിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിനായി റോഡ് കട്ടിങ് ചെയ്യുന്നതിന് 12.12.2019ൽ B3-5364 നമ്പറായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് പരിശോധിച്ച് 220m നീളത്തിൽ Trench Cutting നടത്തുന്നത് കോൺക്രീറ്റ് സർഫസിലൂടെ ആണെന്നും 280m നീളത്തിൽ Berm Cutting ആണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റോഡ് കട്ട് ചെയ്യുന്നതിനുള്ള ഫീസ് കണക്കാക്കുന്നതിന് എൻജിനീയറിംഗ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ റോഡ് റെസ്റ്റോറേഷൻ ചാർജ് കണക്കാക്കിയപ്പോൾ 280m നീളത്തിൽ Berm Cutting പരിഗണിക്കുന്നതിന് പകരം 200m മാത്രമാണ് കണക്കാക്കിയിട്ടുള്ളത്. ആയത് മൂലം പഞ്ചായത്ത് ഫണ്ടിന് താഴെ പറയും പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ട്.

| ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് |
|---|---|---|
| 32386.5/-<br>[200m * 0.45m * 359.85] | 45341.1/-<br>[280m * 0.45m * 359.85] | 12954.6/-<br>[45341.1 - 32386.5] |

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/2019-20) മറുപടിയായി അവശേഷിക്കുന്ന തുക കക്ഷികളിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-17 അനധികൃത നിർമാണം-അപേക്ഷാ ഫീസ് ഈടാക്കിയതിൽ അപാകത

കേരള പഞ്ചായത്ത് ബിൽഡിംഗ് (റഗലറൈസേഷൻ ഓഫ് അൺഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസ് 2018 ചട്ടം 4 പട്ടികയിലെ ക്രമനം.3 പ്രകാരം $201m^2$ൽ കൂടുതൽ നിർമിത വിസ്തൃതിയുള്ള കെട്ടിടത്തിന്റെ നിർമാണം റഗലറൈസ് ചെയ്യുന്നതിന് 5000 രൂപ അപേക്ഷാ ഫീസ് ഇനത്തിൽ ഈടാക്കേണ്ടതുണ്ട്. ശ്രീ. പ്രിജേഷ് വാര്യർ, പുളിങ്കാവ് വാര്യം എന്നവരുടെ 25.5.2019ലെ B3-2506/19 നമ്പർ അപേക്ഷയിൻമേൽ പ്രസ്തുത നിർമാണം റഗലറൈസ് ചെയ്യുന്നതിന് കേരള പഞ്ചായത്ത് ബിൽഡിംഗ് (റഗലറൈസേഷൻ ഓഫ് അൺഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസ് 2018 ചട്ടം 4 പ്രകാരമുള്ള അപേക്ഷ ഫീസ് ഈടാക്കിയിട്ടില്ല. കെട്ടിടത്തിന്റെ നിർമിത വിസ്തൃതി $215.91m^2$ആണ്. ആയതിനാൽ മേൽ അപേക്ഷയിന്മേൽ അപേക്ഷ ഫീ ഇനത്തിൽ 5600/-രൂപ ഈടാക്കേണ്ടതായി കണ്ടു. എന്നാൽ അപേക്ഷ ഫീ ഇനത്തിൽ 20 രൂപ മാത്രമാണ് 5.5.2019ലെ 119030100457 രസീത് നമ്പർ പ്രകാരം ഈടാക്കിയിട്ടുള്ളത്. അവശേഷിക്കുന്ന തുക ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.10/19-20) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-18 മലബാർ ട്രേഡേഴ്സ് കമ്പനി-കെട്ടിട നമ്പർ അനുവദിച്ചതിൽ അപാകത

ശ്രീ. യൂസഫ്, പച്ചീരിക്കത്ത് എന്നവരുടെ 18.3.2019ലെ B3-1776/19 നമ്പർ പെർമിറ്റ് അപേക്ഷ, 30.11.2019ലെ B3-5025/19 നമ്പർ നമ്പറിങ് അപേക്ഷ എന്നിവ പരിശോധിച്ചു. ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷകന് 22.3.2019ന് B3-BA(91633)/2019നമ്പറായി $1890.91m^2$ വിസ്തൃതിയിൽ കൊമേഴ്ഷ്യൽ ( GROUP-F) കെട്ടിട നിർമാണത്തിന് അനുമതി നൽകുകയും നമ്പറിങ് അപേക്ഷ പ്രകാരം 25.1.2020 ന് XI/246.A, XI/246.B, XI/246.C എന്നീ നമ്പറുകൾ നൽകി വസ്തുനികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിർമാണം പൂർത്തിയായതിന് ശേഷം നമ്പറിങ്ങിനായി നൽകിയ അപേക്ഷയോടൊപ്പം സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം ഇൻഡസ്ട്രിയൽ (G1-INDUSTRY) ഒക്യുപൻസിയിലുള്ള കെട്ടിടമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പൂർണമായും ഒക്യുപൻസി മാറിയതിനാലും രണ്ട് ഒക്യുപൻസിക്കും ബാധകമായ ചട്ടങ്ങൾ വ്യത്യസ്തമായതിനാലും നിർമാണം പെർമിറ്റ് ഇല്ലാത്ത നിർമാണമായി കണക്കാക്കി ചട്ടപ്രകാരമുള്ള ക്രമവൽകരണ ഫീസ് ഈടാക്കി ക്രമവൽകരിക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. ചട്ടപ്രകാരം ഈടാക്കേണ്ട ക്രമവൽകരണ ഫീസ്=1890.81*10*2=37816.2/-

2. ഫയർ NOCലഭ്യമാക്കിയിട്ടില്ല.

KPBR-2019 ചട്ടം 5(4) ക്രമ നമ്പർ 12 പ്രകാരം നിർമിത വിസ്തൃതി 1000 ചതുരശ്രമീറ്ററിൽ കവിയുന്നതോ ഉയരം 15 മീറ്ററിൽ കവിയുന്നതോ ആയ G1-INDUSTRY ഒക്യുപൻസിയിലുള്ള എല്ലാ കെട്ടിടങ്ങൾക്കും അഗ്നിരക്ഷാ സേവന വകുപ്പിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ആവശ്യമാണ്. എന്നാൽ ആയത് ലഭ്യമാക്കിയിട്ടില്ല.

3.ടൗൺ പ്ലാനറുടെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

KPBR-2019 ചട്ടം 30 പട്ടിക 11 പ്രകാരം നിർമിത വിസ്തൃതി 1500 ചതുരശ്രമീറ്ററിൽ കവിയുന്ന G1-INDUSTRY

ഒക്യുപൻസിയിലുള്ള കെട്ടിടങ്ങളുടെ നിർമാണത്തിന് ജില്ലാ ടൗൺ പ്ലാനറുടെ അനുമതി ആവശ്യമാണ്. ആയത് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ നിലനിൽക്കെ കെട്ടിടത്തിന് നമ്പർ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/2019-2020) മറുപടി ലഭ്യമായിട്ടില്ല.

## 1-19 ജി.എസ്.ടി ബാധകമായ ഇനങ്ങൾക്ക് നികുതിയില്ലാത്ത ബില്ലുകൾ മുഖേന ഭക്ഷ്യവസ്തുക്കൾ വാങ്ങി

നിർവ്വഹണോദ്യോഗസ്ഥൻ- ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ട് - 19/20 അംഗനവാടി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം

21/20 അംഗനവാടി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം(എസ്.സി.പി)

പദ്ധതിയുടെ ഭാഗമായി പെരിന്തൽമണ്ണ പട്ടികജാതി സർവീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും വിവിധ ബില്ലുകൾ പ്രകാരം ഭക്ഷ്യസാധനങ്ങൾ വാങ്ങിയിട്ടുണ്ട്. സപ്ലൈക്കോയുടെ വിലയിൽ അധികരിക്കുന്നില്ല എന്ന് ബോധ്യപ്പെടുന്നതിന് ഏതാനും ഇൻവോയ്സുകളുടെ കൂടെ മറ്റു ഗ്രാമ പഞ്ചായത്തുകളിലെ ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് അനുവദിച്ച സപ്ലൈക്കോ ബിൽ പകർപ്പുകളും മറ്റു ഇൻവോയ്സുകളുടെ കൂടെ ബൾക്ക്/ ഐ.സി.ഡി.എസ്. റേറ്റ് പ്രകാരമുള്ള ബിൽ പകർപ്പുകൾക്ക് പകരം സപ്ലൈക്കോയിൽ നിന്നുള്ള സാമ്പിൾ പർച്ചേസ് ബിൽ പകർപ്പുകളാണ് ചേർത്ത് വച്ചിട്ടുണ്ട്. സപ്ലൈക്കോ ബില്ലിൽ നികുതി ഉൾപ്പെടുന്ന ചില ഇനങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് ഭക്ഷ്യവസ്തുക്കൾ വാങ്ങിയ സർവീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെ (GSTIN:32AAFASS423F1ZT) ബില്ലുകളിൽ നികുതി ഉൾപ്പെട്ടു കാണുന്നില്ല. സൊസൈറ്റിയുടെ ബില്ലുകൾ കമ്പ്യൂട്ടർ ജനറേറ്റഡ് അല്ലാത്തതും ഭക്ഷ്യവസ്തുക്കളുടെ HSN/SAC കോഡ് രേഖപ്പെടുത്താത്തവയുമാണ്.

ഉദാ:-

ബിൽ നം.: 07/22.11.19 :3,45,857/- (Toപെരിന്തൽമണ്ണ പട്ടികജാതി സർവീസ് കോഓപ്പറേറ്റീവ് സൊസൈറ്റി- 314997+ WPNPഅരി-986+ഫ്യൂവൽ& കോണ്ടിമെന്റ്സ് - 29,874)

ഫണ്ട് : വികസന ഫണ്ട്

ഇൻവോയ്സ് : 47/30.9.19 : 3,14,997.00

| ഇനം | തൂക്കം | നിരക്ക് | ജി.എസ്.ടി | വില |
|---|---|---|---|---|
| നുറുക്ക് ഗോതമ്പ് | 3900Kg | 45.00 | | 175500-00 |
| ശർക്കര (Packed) | 340 Kg | 59.00 | | 20060-00 |
| വെളിച്ചെണ്ണ (കേര) | 48Kg | 195.00 | (234+234)=468 | 9828-00 |
| ചെറുപയർ | 114 Kg | 83.00 | | 9462-00 |
| അവിൽ (Packed) | 260Kg | 65.00 | | 16900-00 |
| നിലക്കടല | 20Kg | 125.00 | (62.5+62.5)=125 | 2625-00 |
| പൊട്ടുകടല | 10Kg | 100.00 | | 1000-00 |
| ഉഴുന്ന് | 27Kg | 69.00 | | 1863-00 |
| റാഗിപ്പൊടി | 30Kg | 59.00 | | 1770-00 |
| റാഗി | 1300Kg | 35.50 | | 46150-00 |
| കടല (കറി) | 390Kg | 60.00 | | 23400-00 |
| Total Amount Before Tx | | | | 307965-00 |
| ജി.എസ്.ടി (468+125) | | | | 593-00 |
| ട്രാൻസ്പോർട്ടേഷൻ ചാർജ് | | | | 6439-00 |
| ആകെ | | | | 3,14,997-00 |

ടി.ഇൻവോയ്സിനോടൊപ്പം സപ്ലൈക്കോ വിലയുമായി താരതമ്യം ചെയ്യുന്നതിനായി ബില്ലിനോടൊപ്പം ചേർത്ത് വച്ചിട്ടുള്ള സപ്ലൈക്കോ ഇൻവോയ്സ് (ഇരിങ്ങാവൂർ ഡിപ്പോയിൽ നിന്ന് ചെറിയമുണ്ടം ഗ്രാമ പഞ്ചായത്ത് ICDS സൂപ്പർവൈസർക്ക് ഇഷ്യു ചെയ്തത്)പകർപ്പിൽ വെളിച്ചെണ്ണ,നിലക്കടല എന്നിവയ്ക്ക് പുറമെ നുറുക്ക് ഗോതമ്പ്, റാഗിപ്പൊടി എന്നിവയ്ക്കും 5% ജി.എസ്.ടിയുണ്ട്. മറ്റു ചില സപ്ലൈക്കോ ഇൻവോയ്സുകളിൽ റാഗിയ്ക്കും 5% ജി.എസ്.ടിയുണ്ട്.

മാത്രമല്ല, അംഗനവാടികളിൽ ഭക്ഷ്യവസ്തുക്കളുടെ സുഗമമായ വിതരണത്തിനു വേണ്ടി എല്ലായിനങ്ങളും പാക്കറ്റ് ചെയ്തവയും

ബ്രാന്റഡുമാണ് വാങ്ങുന്നത്. ബ്രാന്റഡഡ് ഇനങ്ങളിൽ അധികവും നികുതി വിധേയമാകുന്നവയാണ്.

ജി.എസ്.ടി ഉൾപ്പെടാതെ വസ്തുക്കൾ വാങ്ങുന്നതിനാൽ ടി.ഡി.എസ് നടത്താതെ തുക അനുവദിക്കുന്നതിനും ഇടയാകുന്നു.

48/30.9.19 :215782/-, 79/26.12.19: 203800/-, 80/26.12.19 : 25,128/-, 113/6.3.20:262358/-, എന്നീ ഇൻവോയ്സുകളിലും ജി.എസ്.ടി ബാധകമായ നുറുക്ക്ഗോതമ്പ്,റാഗി എന്നിവയുണ്ട്.

ജി.എസ്.ടി.ഉൾപ്പെടാത്ത സൊസൈറ്റിയുടെ ബില്ലുകൾക്ക് ജി.എസ്.ടി. ഉൾപ്പെടുന്ന സപ്ലൈക്കോയുടെ ബില്ലുകളുമായി താരതമ്യം നടത്തിയത് സംബന്ധിച്ചും സർവീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെയും സപ്ലൈക്കോയുടെയും ബില്ലുകളിൽ പ്രസ്തുത ഭക്ഷ്യവസ്തുക്കളുടെ ജി.എസ്.ടി സംബന്ധിച്ച് വൈരുദ്ധ്യം വരാനിടയായ സാഹചര്യം സംബന്ധിച്ചും HSN/SAC കോഡ് രേഖപ്പെടുത്താത്ത ഇൻവോയ്സുകൾ പ്രകാരം പേയ്മെന്റ് നടത്തിയത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.09/06.12.2021) ലഭ്യമാക്കിയ മറുപടിയിൽ സൊസൈറ്റിയിൽ നിന്ന് വിശദീകരണം ലഭ്യമാക്കുന്നതാണെന്നും ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചു. പർച്ചേസുകളിൽ നികുതി ചോർച്ച സംഭവിക്കാതിരിക്കുന്നതിന് ജാഗ്രത പാലിക്കേണ്ടതാണ്.

## 1-20 ചെലവുകളുടെ രേഖകൾ ഹാജരാക്കുന്നത് വരെ 1,78,667 രൂപ തടസ്സം ചെയ്യുന്നു

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് -

### 1-20-1 ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകിയ തുക- രശീതി, സ്റ്റോക്കിലെടുത്തതിന്റെ വിവരം ഹാജരാക്കേണ്ടതാണ്.

| വൗച്ചർ നമ്പർ/ തീയതി | ചെലവ് വിവരം | തുക |
|---|---|---|
| 21900471/ 21-10-2019 | ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകിയ തുക | 50,000 |
| 21900475/ 26-10-2019 | ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകിയ തുക | 4,337 |

### 1-20-2 KREWS,തിരുവനന്തപുരത്തിന് വാർഷിക വരിസംഖ്യ നൽകിയത്-രശീതി ഹാജരാക്കേണ്ടതാണ്

| | | | |
|---|---|---|---|
| 21900522/ 20-11-2019 | KREWS,തിരുവനന്തപുരത്തിന് വാർഷിക വരിസംഖ്യ നൽകിയത്. | 2,000 | രശീതി |

### 1-20-3 ലൈഫ് മിഷൻ കുടുംബസംഗമം - രശീതി ഹാജരാക്കേണ്ടതാണ്

| | | | |
|---|---|---|---|
| 21900656/ 16-01-2020 | ലൈഫ് മിഷൻ കുടുംബസംഗമവും അദാലത്തും നടത്തുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് പെരിന്തൽമണ്ണക്ക് നൽകിയത്. | 20,000 | രശീതി |
| 21900657/ 16-01-2020 | ലൈഫ് മിഷൻ കുടുംബസംഗമവും അദാലത്തും നടത്തുന്നതിനായി ജില്ലാ പഞ്ചായത്ത് മലപ്പുറത്തിന് നൽകിയത്. | 5,000 | രശീതി |
| 21900701/ 30-01-2020 | ലൈഫ് മിഷൻ ജില്ലാ തല കുടുംബസംഗമത്തിന് നൽകിയത്. | 4,500 | ചെലവ് രേഖകൾ |

### 1-20-4 രശീതി ഹാജരാക്കേണ്ടതാണ്

| | | | |
|---|---|---|---|
| വൗച്ചർ നം. 21900730/ 04-02-2020 | പഞ്ചായത്ത് ദിനാഘോഷത്തിന്റെ ചെലവിലേക്ക് ഡി.ഡി.പി, വയനാടിന് നൽകിയ തുക | 18,000 | രശീതി |

## 1-20-5 രശീതി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്

| | | | |
|---|---|---|---|
| വൗച്ചർ നം. 21901055/ 17-03-2020 | സെക്രട്ടറിയുടെ ഓണം അഡ്വാൻസ് തുക പോത്തൻകോട് ഗ്രാമപഞ്ചായത്തിലേക്ക് അയച്ച് കൊടുത്തത്. | 6,000 | രശീതി |

## 1-20-6 KSEB ഇലക്ട്രിക്കൽ സെക്ഷൻ പുലാമന്തോളിൽ നിന്ന് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്

| | | | |
|---|---|---|---|
| 25/21-01-2020 | പെരുമ്പറമ്പ് മാട്ടായ റോഡ് ഇലക്ട്രിക് പോസ്റ്റ് മാറ്റി വെക്കൽ പ്രൊജക്ട് : S0189/2020 | 56,876 | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 30/10-03-2020 | കിഴക്കത്ര കുഞ്ഞാപ്പ റോഡ് ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പ്രൊജക്ട് : S0188/2020 | 11,954 | രശീതി, വിനിയോഗ സാക്ഷ്യപത്രം |

## 1-21 ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കൽ- രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്

പ്രൊജക്ട് : അലിഗഡ് മുസ്ലിം യൂണിവേഴ്സിറ്റി കാമ്പസിൽ ബയോഗ്യാസ് പ്ലാൻറ്

നം : S0131/2020

അടങ്കൽ - 4,05,000 (കേന്ദ്രവിഹിതം)

വൗച്ചർ നം. 21900691/27-01-2020 : 3,15,900

വൗച്ചർ നം. 21900695/27-01-2020 : 8,100

വൗച്ചർ നം. 21800671/05-01-2019 : 81,000

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ടിന്റെ നിർവ്വഹണത്തിനായി സോഷ്യോ എക്കണോമിക് യൂനിറ്റ് ഫൗണ്ടേഷന് 2018-19,19-20 വർഷങ്ങളിലായി 3,84,750 രൂപ (3,03,750+81,000) നൽകിയിട്ടുണ്ട്. (റിക്കവറി ഇനത്തിൽ 20250/-രൂപയും അടവാക്കിയിട്ടുണ്ട്). ആയതിന് പ്രസ്തുത സ്ഥാപനം നൽകിയ ടാക്സ് ബിൽ, രശീതി, മാനേജ്മെൻറ് ചാർജ് നൽകുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ്, ആനുപാതികമായി റിക്കവറികൾ നടത്തിയതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാക്കുന്നത് വരെ 2019-20ൽ ചെലവഴിച്ച 324000 രൂപ തടസ്സം ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി നം. 5/6-12-2021 )

## 1-22 എസ്.എസ്.എ. വിഹിതം അടവാക്കൽ -വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1. പ്രൊജക്ട് : എസ്.എസ്.എ. വിഹിതം അടവാക്കൽ (ജനറൽ)

   നം : S006/2020

   അടങ്കൽ - 7,00,000 (വികസന ഫണ്ട് -ജനറൽ)

   ബിൽ നം. 11/11-10-2019 : 7,00,000

2. പ്രൊജക്ട് : എസ്.എസ്.എ. വിഹിതം അടവാക്കൽ (പട്ടികജാതി)

   നം : S007/2020

   അടങ്കൽ - 1,00,000 (വികസന ഫണ്ട് -SCP)

   ബിൽ നം. 12/11-10-2019 : 1,00,000

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതികൾ പ്രകാരം 8,00,000 രൂപ എസ്.എസ്.എ ജില്ലാ ഓഫീസ്, മലപ്പുറത്തിന് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 11/2018 തി. 29-01-2018, ഖണ്ഡിക7-6(3) പ്രകാരം എസ്.എസ്.എ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. 8,00,000 രൂപ

എസ്.എസ്.എ. കൈപ്പറ്റിയതിന്റെ രശീതി, പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 07/06-12-2021)

### 1-23 മരുന്നുകൾ ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

| | | | |
|---|---|---|---|
| ബിൽ നം. 14/28-10-2019 | ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽപ്രൊജക്ട് : S0093/2020 | 2,00,000 | മരുന്നുകൾ ലഭ്യമായതിന്റെ വിവരം |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -മൂല്യനിർണ്ണയത്തിലും അധികം തുക നൽകി

19-20ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ എം ബുക്കിൽ രേഖപ്പെടുത്തിയ മൂല്യനിർണ്ണയ തുകയിലും അധികമായി Material ഇനത്തിൽ വിവിധ പ്രവൃത്തികളിൽ വിതരണക്കാരന്/ഗുണഭോക്താവിന് തുക നൽകിയതായി Expenditure Statement , എം ബുക്ക് ,Fund Transfer Order (FTO) എന്നിവ പരിശോധിച്ചതിൽ കാണുന്നു. ഉപയോഗിച്ച മെറ്റീരിയലിന്റെ തുക എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും Material List ഫയലിൽ ചേർത്ത് വച്ചിട്ടില്ല.ഓരോ പ്രവൃത്തിക്കും നൽകിയ FTO യും ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. എംബുക്കിലും, മൂല്യനിർണ്ണയ സ്റ്റേറ്റ്മെൻറിലും രേഖപ്പെടുത്തിയ മെറ്റീരിയലിന്റെ വിലയും യഥാർത്ഥത്തിൽ നൽകിയ തുകയും തമ്മിലുള്ള വ്യത്യാസത്തിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി / Work Code | ആകെ മൂല്യ നിർണ്ണയം | മെറ്റീരിയൽ വില മൂല്യ നിർണ്ണയ സാക്ഷ്യ പത്രം/ M.book പ്രകാരം | നൽകിയ തുക | അധികം | | | | FTONo./Dt. | വിതരണ ക്കാരൻ/ ഗുണഭോക്താവ് |
|---|---|---|---|---|---|---|---|---|---|---|
| | | | | | | Bill.No/Dt (Asper Expendiure Stt.) | Payment Date (As Per Expendiure Stt.) | Amount | | |
| 1 | ആട്ടിൻകൂട് നിർമ്മാണം (റസിയ പാലടത്ത്) 411864 ടി.എസ് തുക 47000 | 32898 | 24207 | 30938 | 6731 | 156/24.12.19 | 1.1.20 | 30938 | 461347/ 2.1.20 | ഇബ്രാഹിം |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | ടി.എസ് നം.168311/30.10.19 | | | | | | | | | |
| 2 | ചളങ്കോൾക്കഴി റോഡ് കോൺക്രീറ്റ് 291282 ടി.എസ് തുക 493000 ടി.എസ് നം.220246/3.10.19 | 337151 | 245538 | 392380 | 146842 | 121/15.11.19 | 26.5.20 | 204903 | 461352/ 27.5.20 | മുഹമ്മദ് മുസ്തഫ |
| | | | | | | 122/15.11.19 | 27.7.20 | 130704 | 463985/ 27.7.20 | |
| | | | | | | 124/15.11.19 | 25.11.20 | 21802 | 463987/ 25.11.20 | |
| | | | | | | 125/15.11.19 | 25.11.20 | 15207 | 463987/ 25.11.20 | |
| | | | | | | 126/15.11.19 | 25.11.20 | 19764 | 463987/ 25.11.20 | |
| 3 | ആട്ടിൻക്കൂട് നിർമ്മാണം (മൊയ്തു ചേർക്കത്ത്) 418359 ടി.എസ് തുക 47000 ടി.എസ് നം.172802/30.10.19 | 33006 | 24207 | 30938 | 6731 | 137/28.12.19 | 27.7.20 | 30938 | 571281/ 27.7.20 | ഇബ്രാഹിം |
| 4 | ആട്ടിൻക്കൂട് നിർമ്മാണം (പാത്തുമ്മ ചിറത്തൊടി) 417361 ടി.എസ് തുക 47000 ടി.എസ് നം.16249/30.10.19 | 33006 | 24207 | 30938 | 6731 | 134/25.12.19 | 26.5.20 | 30938 | 571270/ 27.5.20 | ഇബ്രാഹിം |
| 5 | ആട്ടിൻക്കൂട് നിർമ്മാണം (മൊയ്തീൻ പല്ലിക്കത്ത്) 424957 ടി.എസ് തുക 47000 ടി.എസ് നം.1731273/31.10.19 | 33006 | 24207 | 30938 | 6731 | 149/28.12.19 | 27.7.20 | 30938 | 571277/ 27.7.20 | ഇബ്രാഹിം |
| | ആകെ | | | | 173766 | | | | | |

തുക അധികം നൽകിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 11(7.12.2021) നല്കിയെങ്കിലും മറുപടി ലഭ്യമായില്ല.തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 2019-20 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ | ഈ റിപ്പോർട്ടിന്റെ |

| | | |
|---|---|---|
| | പത്രികയുടെ പരിശോധന നടത്തി | ഭാഗമാക്കി. |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി | ലഭിച്ച തുക | പ്രൊജക്ടിന്റെ നം,പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 0 | 300000 | 9/19-20-അംഗപരിമിതിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| | 0 | 100000 | 10/19-20-ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 40000 | 72/19-20-കാലിത്തീറ്റ വിതരണം | 40000 | 0 |
| | 0 | 40700 | 82/19-20-മുട്ടക്കോഴി വിതരണം | 40700 | 0 |
| | 0 | 150000 | 114/19-20 പശു വളർത്തൽ | 150000 | 0 |
| | 0 | 841685 | 141/19-20-ലൈഫ് മിഷൻ | 841685 | 0 |
| | 301343 | 200000 | 141/19-20-ലൈഫ് മിഷൻ എസ് സി | 501343 | 0 |
| | 0 | 300000 | 9/19-20-അംഗപരിമിതിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| ആകെ | | 1572385 | | 1572385 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരണ വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB ഇലക്ട്രിക്കൽ സെക്ഷൻ പുലാമന്തോൾ | പെരുമ്പറമ്പ് മാട്ടായ റോഡ് ഇലക്ട്രിക് പോസ്റ്റ് മാറ്റി വെക്കൽ പ്രൊജക്ട് : S0189/2020 | 25/21-01-2020 | 56,876 | - | ഇല്ല | ലഭ്യമല്ല |
| KSEB ഇലക്ട്രിക്കൽ സെക്ഷൻ പുലാമന്തോൾ | കിഴക്കത്ര കുഞ്ഞാപ്പ റോഡ് ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പ്രൊജക്ട് : S0188/2020 | 30/10-03-2020 | 11,954 | - | ഇല്ല | ലഭ്യമല്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാ വസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HOUSING | ലഭ്യമല്ല | 758315 | 7741685 | 794118 | 0 | 7705882 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 10304/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3.4 | 10304 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 119030500004/30.05.2019 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 2-1 | 2006-07 | | മരാമത്ത് | നടപടി തുടരുന്നു |
| 2009-10,2010-11 | 3.15 | 2012-13 | | ലഘു അവലോകനം-ദുരിതാശ്വാസനിധി | നടപടി തുടരുന്നു |
| 2014-15 | 2-1,2-2 | 2016-17 | 2-1 | തൊഴിൽ നികുതി അപാകതകൾ | നടപടി തുടരുന്നു |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2008-09 | 3-3 | സി.വി.കൃഷ്ണകുമാർ, സെക്രട്ടറി, | Lf 2643 / Sp Cell/ Sc/d1/12/ Dtd 31.10.14 | 23723 | 0 | 0 | 0 | 0 | 0 | 23723 | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 51728312 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54794099 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 173766 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1302667 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം തുക

ഖണ്ഡിക 3-1 173766

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഖണ്ഡിക നമ്പർ | നഷ്ട തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | മേൽവിലാസം |
|---|---|---|---|
| 3-1 | 26924 | ശ്രീമതി സബീന എൻ, സെക്രട്ടറി | എം.എം നിവാസ് കൈപ്പള്ളി റോഡ് ചിറ്റാട്ടുമുക്ക്(പി.ഒ) തിരുവനന്തപുരം |
| 3-1 | 146842 | ശ്രീ. സുനിൽകുമാർ ടി.പി, സെക്രട്ടറി(ഇൻ ചാർജ്ജ്) | വൃന്ദാവനം പാണമ്പി അമ്മിനിക്കാട്.പി.ഒ |

| | | | |
|---|---|---|---|
| | | | മലപ്പുറം |
| ആകെ | 173766 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 1,78,667 | 56,337 – ശ്രീ. സുനിൽകുമാർ ടി.പി, സെക്രട്ടറി ഇൻ ചാർജ്ജ് |
| | | 1,22,330- ശ്രീമതി സബീന എൻ, സെക്രട്ടറി |
| 1-21 | 324000 | ശ്രീമതി സബീന എൻ, സെക്രട്ടറി |
| 1-22 | 8,00,000 | ശ്രീ. സുനിൽകുമാർ ടി.പി, സെക്രട്ടറി ഇൻ ചാർജ്ജ് |
| ആകെ | 1302667 | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1975-76 | എൽ.എഫ്.എം.3/1931/76 തിയ്യതി : 18.9.2010 | 6 |
| 1992-1993,1993-1994 1994-1995 | എൽ.എഫ്.എം.07/1012/97തിയ്യതി : 18.9.2010 | 6 |
| 1995-96 | എൽ.എഫ്.എം-14/25/2000തിയ്യതി:18.9.2010 | 7 |
| 1996-97 | എൽ.എഫ്.എം-14/24/2000തിയ്യതി:18.9.2010 | 8 |
| 1997-98 | എൽ.എഫ്.എം-16/227/06തിയ്യതി :18.9.2010 | 3 |
| 1998-99 | എൽ.എഫ്.എം-16/232/06തിയ്യതി :18.9.2010 | 11 |
| 1999-00 | എൽ.എഫ്.എം-12/845/2001തിയ്യതി.18-09-10 | 8 |
| 2001-02 | എൽ.എഫ്.എം-16/1159/07തിയ്യതി :18.9.2010 | 2 |
| 2002-03 | എൽ.എഫ്.എം-16/1160/07തിയ്യതി :18.9.2010 | 8 |
| 2003-04 | എൽ.എഫ്.എം-16/1161/07/തിയ്യതി :18.9.2010 | 5 |
| 2004-05 | എൽ.എഫ്.എം-16/1162/07തിയ്യതി :18.9.2010 | 5 |
| 2005-06(ചെലവ്) | എൽ.എഫ്.എം-16/1163/07/തിയ്യതി :18.9.2010 | 32 |
| 2005-06 (വരവ്) | എൽ.എഫ്.എം-16/1348/07/തിയ്യതി :18.9.2010 | 1 |
| 2006-07 | എൽ.എഫ്.എം-16/1349/08തിയ്യതി :18.9.2010 | 43 |
| 2007-08 | എൽ.എഫ്.എം-11/1767/11തിയ്യതി :3.7.2012 | 12 |
| 2008-09 | എൽ.എഫ്.എം-11/1768/07 തിയ്യതി:2.7.2012 | 17 |
| 2009-10,2010-11 | എൽ.എഫ്.എം-11/2153/14തിയ്യതി:4-12-2014 | 5 |
| 2011-12,2012-13 | കെ.എസ്.എ.എം.പി.എം-11/1952/15 തിയ്യതി :3.02.16 | 24 |
| 2013-14 2014-15 | കെ.എസ്.എ.എം.പി.എം-11/1528/18 തിയ്യതി :29.08.18 | 22 |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ.എം.പി.എം11/3265/16/ തിയ്യതി :17.2.18 | 14 |
| 2016-17 | കെ.എസ്.എ.എം.പി.എം11/2390/17-തിയ്യതി :27.6.2018 | 8 |
| 2017-18 | കെ.എസ്.എ.എം.പി.എം-11/1946/18തിയ്യതി :11.2.19 | 11 |
| 2018-19 | കെ.എസ്.എ.എം.പി.എം-11/419/2020 തിയ്യതി : 27-11-2020 | 21 |

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

എം.എ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം<br>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ഏലംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്